7.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2564 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന കാൻസർ സുരക്ഷാ പദ്ധതിയിലേയ്ക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി മലപ്പുറം ജില്ലയിൽ നിലവിൽ ആശുപത്രി എംപാനൽ ചെയ്തിട്ടില്ല. ഇത്തരത്തിൽ കാൻസർ ബാധിതരായ കുട്ടികൾ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്തിനെ സമീപിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ടി പദ്ധതി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗൗരവതരമായി പരിശോധിച്ച് ഉടൻതന്നെ അത് എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങ് പറഞ്ഞ "താലോലം" പദ്ധതി ഇപ്പോൾ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രാബല്യത്തിലുണ്ട്. അതുകൊണ്ട് കാൻസർ സുരക്ഷാ പദ്ധതി മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ എംപാനൽ ചെയ്യുന്നതിനുള്ള നടപടി അങ്ങയുടെ സബ്മിഷന്റെ അടിസ്ഥാനത്തിൽ ഉടൻ നിർദ്ദേശം നൽകി ആരംഭിക്കുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസുകൾ

(1) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1925, 1928, പതിനൊന്നാം സമ്മേളനത്തിലെ 4962, പന്ത്രണ്ടാം സമ്മേളനത്തിലെ 480, പതിനാലാം സമ്മേളനത്തിലെ 36, 48, 50, 1744, 4349, 4386, 5604, പതിനഞ്ചാം സമ്മേളനത്തിലെ 51, 153, 3634, 3640, എന്നീ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 5688, പതിനഞ്ചാം സമ്മേളനത്തിലെ 221, 2035, 2036 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

1436/2018.

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4547 നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(2). ചട്ടം 236(5) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

വിഷയനിർണ്ണയ സമിതി	കാലതാമസ പത്രികകളുടെ വിശദവിവരം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
V മരാമത്തുംഗതാഗതവും വാർത്താവിനിമയവും	2014-2015	4	100, 105

പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

വിഷയനിർണ്ണയ സമിതി	കാലതാമസ പത്രികകളുടെ വിശദവിവരം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
XIII-സാമൂഹ്യ സേവനം	2011-2012	1	59

VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly